പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3991 — 11.11.2019 ൽ മറുപടിയ്ക്ക്

## ന്യായവില ഹോട്ടലുകൾ

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.കെ.എൻ.എ. ഖാദർ
ശ്രീ.അബ്ദുൽ ഹമീദ് പി.

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ നേതൃത്വത്തിലോ ഭക്ഷ്യ വകുപ്പിന്റെ നേതൃത്വത്തിലോ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലില്ല. |
| (ബി) | ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിന് ഏത് തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) | ഹോട്ടലുകൾ അമിത വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിയമം മൂലം കർശനമാക്കിയിട്ടുണ്ട്. പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തര പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്തെ ഹോട്ടലുകളെ സേവനങ്ങളുടെയും ഭക്ഷണ സാധനങ്ങളുടെ വിലയുടെയും അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള തരം തിരിവിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ